**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.950.** **04.03.2020 ൽ മറുപടിയ്ക്ക്**

**പത്തനംതിട്ട ജില്ലയിൽ വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ്. | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമുക്തി പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | വിമുക്തി മിഷനുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന തീവ്രയത്ന ബോധവൽക്കരണ പരിപാടി പത്തനംതിട്ട ജില്ലയിൽ 22.11.2019 തീയതിയിൽ ബഹു. ഫിഷറീസ് ആന്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മന്ത്രി ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം നിർവഹിച്ചിട്ടുള്ളതാണ്. പത്തനംതിട്ട ജില്ലയിലെ അടൂർ, റാന്നി, കോന്നി, തിരുവല്ല, ആറന്മുള തുടങ്ങിയ നിയോജകമണ്ഡലതല വിമുക്തി പരിപാടികളുടെ ഉദ്ഘാടനം ബഹു.എം.എൽ.എ.മാരുടെ അദ്ധ്യക്ഷതയിൽ പൂർത്തീകരിച്ചിട്ടുള്ളതും, പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തല യോഗങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പൽ ചെയർപേഴ്സൺ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയിട്ടുള്ളതുമാണ്. പത്തനംതിട്ട ജില്ലയിൽ നിന്നും 10 സന്നദ്ധ പ്രവർത്തകർക്ക് ട്രെയിനിംഗ് നൽകി അവരെ ഉപയോഗിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ജില്ലയിലെ 284 ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂളുകളിലും, 49 കോളേജുകളിലും എക്സൈസ് ജീവനക്കാരുടെ മേൽനോട്ടത്തിൽ വിമുക്തി ക്ലബുകൾ രൂപീകരിച്ച് അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധികൾ എന്നിവരുടെ സഹായത്തോടെ ഭവനസന്ദർശനം നടത്തി ബോധവൽക്കരണ പ്രവർത്തനം നടത്തുകയും, ലഹരി ഉപയോഗം മറച്ചുവെയ്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും, കൗൺസിലിംഗും, ആവശ്യമെങ്കിൽ ചികിത്സയും നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പത്തനംതിട്ട ജില്ലയിലെ 53 പഞ്ചായത്തുകളിലേയും, 4 മുൻസിപ്പാലിറ്റികളിലേയും എല്ലാ വാർഡുകളിലേയും ജനപ്രതിനിധികളേയും, |

| | | | |
|---|---|---|---|
| | | | എക്സൈസ് ജീവനക്കാരേയും ഉൾപ്പെടുത്തി വിമുക്തി സേന രൂപീകരിച്ചിട്ടുള്ളതും, ബോധവൽക്കരണ പരിപാടിയും, ഭവനസന്ദർശനവും നടന്നുവരുന്നു. ജില്ലയിലെ 199 ഗ്രന്ഥശാലകളിൽ വിമുക്തി ക്ലബുകൾ രൂപീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ജില്ലയിലെ 265 ഓളം റസിഡന്റ്സ് അസോസിയേഷനുകളുടെ യോഗം വിളിച്ചുചേർത്ത് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ജില്ലയിലെ ട്രേഡ് യൂണിയൻ പ്രവർത്തകരുടെ യോഗം വിളിച്ചു ചേർത്ത് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ലഹരിയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സൈക്ലത്തോൺ, ബൈക്കത്തോൺ, കൂട്ടഓട്ടം എന്നിവ സംഘടിപ്പിച്ചുവരുന്നു. ജില്ലയിലെ കാട്ടാത്തിപ്പാറ, ബിമ്മരം, അട്ടത്തോട്, ഗവി, ആവണിപ്പാറ തുടങ്ങിയ ആദിവാസി മേഖലകളിൽ ബോധവൽക്കരണ പരിപടികൾ സംഘടിപ്പിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആറൻമുള നിയോജകമണ്ഡലത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ബി) | മണ്ഡലത്തിലെ എല്ലാ കോളേജുകൾ/ഹൈസ്കൂളുകൾ/ഹയർസെക്കന്ററി സ്കൂളുകളിലും എക്സൈസ് ജീവനക്കാരുടെ മേൽനോട്ടത്തിൽ ലഹരിവിരുദ്ധ ക്ലബുകൾ രൂപീകരിച്ച് വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ